# ഇ – മാലിന്യ നിർമ്മാർജ്ജനം ഉദ്ഘാടനം

തിരു : കേരളത്തിലെ പൊതു വിദ്യാലയങ്ങൾ ഹൈ ടെക് ആക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ ഇ-മാലിന്യനിർമ്മാർജ്ജനത്തിന്റെ സംസ്ഥാനതലഉദ്ഘാടനം തിരുവനന്തപുരംകോട്ടൺഹിൽ സ്കൂളിൽ ബഹു: വിദ്യാഭ്യാസ മന്ത്രി ശ്രീ സി.രവീന്ദ്രനാഥ് ആഗസ്റ്റ് 24 ന് നിർവ്വഹിച്ചു .ഹരിതമിഷൻ




വൈസ് ചെയർപേഴ്സൺ ശ്രീമതിടി എൻ സീമ ,പൊതുവിദ്യാഭ്യാസ സെക്രട്ടറിശ്രീമതി ഉഷ ടൈറ്റസ് ,കൈറ്റ് ഡയറക്ടർ ശ്രീ അൻവർ സാദത്ത്, ക്ലീൻ കേരള കമ്പനിഎംഡി ശ്രീ കബീർ എന്നിവർ സംബന്ധിച്ചു 2800 കിലോഗ്രാം ഇ – മാലിന്യമാണ് ഈ സ്കൂളിലുണ്ടായിരുന്നത് .

# ഓണാഘോഷം - സ്കൂൾ ഉത്സവലഹരിയിൽ

തിരു: തിരുവനന്തപുരം കോട്ടൺഹിൽ സ്കൂളിൽ ആഗസ്റ്റ് 31 ന് ഓണം അത്യുത്സാഹത്തോടെ ആഘോഷിച്ചു.ആഡിറ്റോറിയത്തിൽ മുഴുവൻ പൂക്കളങ്ങൾ നിറഞ്ഞു . പൂക്കള മത്സരത്തിനു ശേഷം വടം വലി ,ഉറിയടി , തുടങ്ങിയ മത്സരങ്ങൾനടത്തി . തിരുവാതിരയും ഓണപ്പാട്ടും തുമ്പിതുള്ളലും എല്ലാമായി ആഘോഷലഹരിയിലായിരുന്നു കോട്ടൺഹിൽ.അദ്ധ്യാപകരും തിരുവാതിരയിൽ പങ്കെടുത്തു . മത്സരവിജയികൾക്ക് സമ്മാനം നല്കി .സ്കൂൾ ഒന്നടങ്കം ഓണാഘോഷത്തിൽ പങ്കെടുത്തു .



## മാതൃസംഗമം

തിരു : തിരുവനന്തപുരം കോട്ടൺഹിൽ സ്കൂളിൽ ഈ വർഷത്തെ ആദ്യത്തെ മാതൃസംഗമം ജൂൺ 9 ന് ഉച്ചയ്ക്ക് 1.30 ന് നടന്നു .ആദ്യം ക്ലാസുകളിൽ യോഗം ചേർന്ന് ക്ലാസിലെ പൊതുവായ കാര്യങ്ങളും കുട്ടികളുടെ പഠനകാര്യങ്ങളും ചർച്ചചെയ്യുകയും ക്ലാസ് പി ടി എ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു .തുടർന്ന് സ്കൂൾ ആഡിറ്റോറിയത്തിൽ യോഗം ചേർന്ന് പൊതുവായ കാര്യങ്ങൾ ചർച്ച ചെയ്തു .യോഗത്തിൽ പി ടി എ പ്രസിഡൻറ് ശ്രീ പ്രദീപ് കുമാർ അദ്ധ്യക്ഷത വഹിച്ചു

## യുറീക്ക ശാസ്ത്രകേരളം പ്രകാശനം

തിരുശാസ്ത്രസാഹിത്യപരിഷത്തിന്റെപ്രസിദ്ധീകരണമായ യൂറീക്ക-ശാസ്ത്രകേരളം മാഡം ക്യൂറിപതിപ്പ്തിരുവനന്തപുരത്ത് കോട്ടൺഹിൽ സ്കൂളിൽ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി.ശ്രീരാമകൃഷ്ണൻപ്രകാശനം ചെയ്തു. വിദ്യാർത്ഥികളിലെ ശാസ്ത്രാഭിമുഖ്യത്തെവളർത്തുന്നതിനു വേണ്ടി കേരളശാസ്ത്രസാഹിത്യപരിഷത്ത്പ്രസിദ്ധീകരിച്ചപ്രത്യേകപതിപ്പാണ് യൂറീക്ക-ശാസ്ത്രകേരളം മാഡം ക്യൂറി പതിപ്പ്.

## കോട്ടൺഹില്ലിൽ എസ് പി സി യൂണിറ്റ്

l തിരു :തിരുവനന്തപുരം കോട്ടൺഹിൽ സ്കൂൾ ഹയർ സെക്കണ്ടറി വിഭാഗത്തിൽ എസ് പി സിയുടെ ഉദ്ഘാടനം ആഗസ്റ്റ് 16 ന് സ്ഥലം എം എൽ എ ശ്രീ വി എസ് ശിവകുമാർ നിർവ്വഹിച്ചു .കേരള ഡി ജി പി മുഖ്യാതിഥിയായിരുന്ന ചടങ്ങിൽപോലീസിലെയുംവിദ്യാഭ്യാസവകുപ്പിലെയുംഉയർന്നഉദ്യോഗസ്ഥർസ്കൂളധികതികൾപിടിഎഭാരവാഹികൾഎന്നിവർപങ്കെടുത്തു

## പപ്പുവിന്റെ പ്രയാണം

തിരു : പൊതുനിരത്തുകളിലെ അപകടങ്ങൾ കുറയ്ക്കുന്നതിനും ട്രാഫിക്ക് അവബോധം വളർത്തുന്നതിനും ലക്ഷ്യമിട്ട് ജനമൈത്രി പോലീസ് നടത്തുന്ന ട്രാഫിക്ക് ബോധവത്കരണ കേരളയാത്ര പപ്പുവിന്റെ പ്രയാണം തിരുവനന്തപുരം കോട്ടൺഹിൽ സ്കൂളിലുമെത്തി .സ്പർജൻ കുമാർ ഐ പി എസ് ആയിരുന്നു മുഖ്യാതിഥി .സുരക്ഷിതയാത്രയുടെ നിർദ്ദേശങ്ങൾ പപ്പു നൽകി .

Printed and published by the Principal Headmistress of GGHSS Cottonhill Thiruvananthapuram, Smt Jaseela A R ,Staff advisor Smt Sherli P S , Student Editor Kumari Megha R 8 H ,Sub Editors Kumari Adhiga M S 9 K Kumari Keerthi Sunil 8 N .